നമ്പർ: 012/2016

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മലങ്കര സഭയുടെ സത്യവിശ്വാസ സംരക്ഷകനും പ്രകാശഗോപുരവുമായിരുന്ന **സഭാഭാസുരൻ** പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് പിതാവിന്റെ 82-ാം ഓർമ്മപ്പെരുന്നാൾ 2016 ഫെബ്രുവരി 26, 27 (വെള്ളി, ശനി) തീയതികളിൽ കോട്ടയം പഴയസെമിനാരി ചാപ്പലിൽ കൊണ്ടാടുന്നതാണ്.

26-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്കുള്ള സന്ധ്യാ നമസ്കാരത്തെ തുടർന്ന് കോട്ടയം ചെറിയപള്ളിയിൽ നിന്നും പഴയസെമിനാരിയിലെ കബറിങ്കലേക്ക് നടത്തുന്ന ഭക്തിനിർഭരമായ പ്രദക്ഷിണത്തിലും, 27 -ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്കുള്ള വി. മൂന്നിന്മേൽ കുർബ്ബാനയിലും നമ്മുടെ എല്ലാ പള്ളികളിൽ നിന്നും പട്ടക്കാരും വിശ്വാസികളും കഴിവുള്ളിടത്തോളം പ്രത്യേകം വാഹനങ്ങൾ ക്രമീകരിച്ചും, പദയാത്രകൾ സംഘടിപ്പിച്ചും തീർത്ഥാടകരായി നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണം. വിശുദ്ധ ജീവിതംകൊണ്ടും, പ. സഭയുടെ സ്വാതന്ത്ര്യത്തിനും സ്വയം പര്യാപ്തതയ്ക്കും വേണ്ടിയുള്ള അക്ഷീണ പരിശ്രമംകൊണ്ടും സഭാ ചരിത്രത്തിൽ ചിരപ്രതിഷ്ഠനായി തീർന്നിട്ടുള്ള പരിശുദ്ധനായ ആ പിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുവാൻ നാമോരോരുത്തരും കടപ്പെട്ടവരാണ് എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പെരുന്നാളിൽ പങ്കെടുക്കുന്നതിനായി ഓരോ ഇടവകയിൽനിന്നും ഒരു വാഹനമെങ്കിലും പള്ളിച്ചെലവിൽ ക്രമീകരിക്കണം. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. പദയാത്രയായി വരുവാൻ ആഗ്രഹിക്കുന്ന സംഘങ്ങൾ ആ വിവരം പഴയസെമിനാരി മാനേജർ കെ. സഖറിയാ റമ്പാച്ചനെ അറിയിക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 ജനുവരി മാസം 27 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.